


# ഹിന്ദുത്വ പരീക്ഷണങ്ങൾ; വെന്തു നീറുന്ന ഒറീസ

ലേഖനം ● എ.എസ് സുരേഷ്കുമാർ

**2008** ആഗസ്റ്റ് 23. അന്നു രാത്രിയാണ് വി.എച്ച്.പി നേതാവ് ലക്ഷ്മണാനന്ദ സരസ്വതി സ്വാമിയും നാല് അനുയായികളും ഒറീസയിലെ ജലാസ്പേട്ട ആശ്രമത്തിൽ കൊല ചെയ്യപ്പെട്ടത്. മുഖംമൂടി ധരിച്ച മുപ്പതോളം പേരുടേതായിരുന്നു ആ ഓപ്പറേഷൻ. 84-കാരനായ സ്വാമിയുടെ ദേഹത്ത് തറച്ചത് 22 വെടിയുണ്ടകളാണ്. അതിന് സംഘ്പരിവാർ പകരം വീട്ടിയത്, ഓരോ വെടിയുണ്ടക്കും ഒരാളെന്ന കണക്കിൽ കുറയാതെ 'എതിരാളി'കളുടെ ജീവനെടുത്തുകൊണ്ടായിരുന്നു. നാലായിരത്തിൽ പരം വീടുകൾ തകർക്കപ്പെട്ടു. ചെറുതും വലുതുമായ നൂറു ചർച്ചുകൾക്കെങ്കിലും തീവെച്ചു. അമ്പതിനായിരത്തോളം പേർക്ക് ഭയന്നോടി കാട്ടിൽ ദിവസങ്ങൾ ഒളിച്ചുകഴിയേണ്ടിവന്നു.

സ്വാമിയെ കൊന്നതാരാണ്? ക്രൈസ്തവർക്ക് അതിൽ പങ്കില്ലെന്ന് സഭാ നേതൃത്വവും സ്ഥലത്തെ ക്രൈസ്തവ വിശ്വാസികളും ആണയിടുന്നു. തങ്ങളാണ് കൊലപ്പെടുത്തിയതെന്ന വെളിപ്പെടുത്തലുമായി മാവോയിസ്റ്റ് സംഘടനയായ പീപ്പിൾസ് ലിബറേഷൻ ഗറില്ലാ ആർമി രംഗത്തുവരികയും ചെയ്തു. സ്വാമിയല്ല, പിശാചാണ് ലക്ഷ്മണാനന്ദ സരസ്വതിയെന്നാണ് കൊലക്ക് ഉത്തരവാദിത്വമേറ്റ് അവർ പുറത്തിറക്കിയ പ്രസ്താവനയിൽ പറയുന്നത്. അതുകൊണ്ട് ഉന്മൂലനം നടപ്പാക്കി. നിജസ്ഥിതി പുറത്തുകൊണ്ടുവരേണ്ടത് അന്വേഷണ ഏജൻസികളാണ്. പക്ഷേ, ക്രൈസ്തവരെ ഉന്നം വെക്കാൻ ഇതിൽപരമൊരു അവസരമില്ലാത്തതുകൊണ്ട്, ലക്ഷ്മണാനന്ദയെ കൊന്നത് ആരെന്ന കാര്യത്തിൽ വിശ്വഹിന്ദു പരിഷത്തിന് സംശയമുണ്ടായിരുന്നില്ല. ആദിവാസികൾ ക്രൈസ്തവ മതം സ്വീകരിക്കുന്നുണ്ടെങ്കിൽ, അതിന്റെ രോഷം തീർക്കാൻ സ്വാമിയുടെ 'രക്തസാക്ഷിത്വം' അവർ ഏറ്റവും നല്ല അവസരമാക്കി. ക്രൈസ്തവരുടെ മതപരിവർത്തനം തടഞ്ഞതിന്റെ രക്തസാക്ഷിയാണ് ലക്ഷ്മണാനന്ദ എന്നുപറഞ്ഞത് മറ്റാരുമല്ല-ആർ.എസ്.എസ് നേതാവ് സുദർശനൻ തന്നെയാണ്.

അതിനൊടുവിൽ, പരമ ദരിദ്രരും നിരക്ഷരരുമായ ആദിവാസികളുടെ കേന്ദ്രമായ കാണ്ഡമൽ ജില്ലയിലും മറ്റു ആദിവാസി മേഖലകളിലും അക്രമികൾ അഴിഞ്ഞാടി. ക്രൈസ്തവർ ഹിന്ദുക്കളായ ആദിവാസികളെ പ്രലോഭിപ്പിച്ചും നിർ

ബന്ധിച്ചും മതംമാറ്റുന്നു എന്ന ആരോപണം സംഘ്പരിവാർ എത്രയോ വർഷങ്ങളായി കൊണ്ടുനടക്കുന്നു. അതിന്റെ രോഷമത്രയും തീർത്തതിന്റെ ആഴവും പരപ്പുമാണ് രാജ്യം കണ്ടത്. ആറു കൊല്ലം മുമ്പ് ഗുജറാത്തിൽ മുസ്‌ലിംകൾക്ക് നേരെ നടത്തിയ അതിക്രമത്തിന്റെ ചെറുപതിപ്പാണ് ഒറീസയിൽ നടന്നത്. നരേന്ദ്രമോഡി അന്നു പറഞ്ഞതുപോലെ, ലക്ഷ്മണാനന്ദയെ കൊലപ്പെടുത്തിയതിനോടുള്ള 'സ്വാഭാവിക പ്രതികരണ'മായിത്തന്നെ അതിനെ വി.എച്ച്.പിക്കാർ വിശേഷിപ്പിച്ചു.

ക്രിസ്തുമതം സ്വീകരിച്ച പലരും അക്രമം ഭയന്ന് ഹിന്ദുമതക്കാരായി സ്വയം വിശേഷിപ്പിക്കുകയാണ്. അക്രമം അഴിച്ചുവിട്ട സംഘ്പരിവാറിന് വേണ്ടതും അതുതന്നെയാണ്. ന്യൂനപക്ഷ സംരക്ഷണമെന്നതൊക്കെ ഭരണഘടനയിൽ ഉണ്ടായെന്നിരിക്കും. പക്ഷേ, ക്രൈസ്തവർ അടങ്ങിയൊതുങ്ങി ഹിന്ദുക്കളുടെ ഔദാര്യത്തിൽ കഴിഞ്ഞുകൊള്ളണം. ഹിന്ദുക്കളായി ആദിവാസികൾ കഴിഞ്ഞുകൊള്ളണം. ഇഷ്ടമുള്ള മതം സ്വീകരിക്കാൻ പുറപ്പെടുന്നവർ, തിരിച്ചടി ഉണ്ടാകുമെന്ന് ഓർത്തുകൊള്ളണം. ന്യൂനപക്ഷവേട്ടയിലൂടെ വർഗീയ ധ്രുവീകരണം സാധ്യമാക്കി, ഗുജറാത്ത് പോലെ തീവ്രഹിന്ദുത്വത്തിന്റെ മറ്റൊരു പരീക്ഷണ ശാലയായി ഒറീസയെ സംഘ്പരിവാർ മാറ്റിയെടുത്തിരിക്കുന്നു.

ഒറീസയിലെ സംഘ്പരിവാർ അതിക്രമം ഇതാദ്യമല്ല. മിഷനറി പ്രവർത്തനത്തിലൂടെ ആദിവാസികൾ ക്രൈസ്തവ മതത്തിലേക്ക് ആകർഷിക്കപ്പെടുന്നുണ്ട് എന്നത് യാഥാർഥ്യമാണ്. അതിൽ ഏറെ അസ്വസ്ഥരാണ് സംഘ്പരിവാർ. എന്തുകൊണ്ട് ആദിവാസികളിൽ കുറെപ്പേരെങ്കിലും മതം മാറാൻ താൽപര്യപ്പെടുന്നുവെന്നതിന്റെ കാരണങ്ങൾ അവർക്ക് വിഷയമല്ല. പരമദരിദ്രരും നിരക്ഷരരുമായ ആദിവാസികളെ മുഖ്യധാരയിലേക്ക് കൊണ്ടുവന്ന്, അവരുടെ സാമൂഹികവും സാമ്പത്തികവുമായ പുരോഗതിക്ക് വേണ്ടി മിഷനറിമാർ ശ്രമിച്ചതാണ് അതിന് കാരണമെന്ന് കണ്ടെത്താൻ പ്രയാസമില്ല. ഈ വഴിക്ക് സംഘ്പരിവാർ എന്തു ചെയ്യുന്നുവെന്ന ചോദ്യത്തിന് വിശ്വഹിന്ദു പരിഷത്തിനോ ബജ്‌റംഗ്ദളിനോ ആർ.എസ്.എസ്സിനോ മുന്നിൽ പ്രസക്തിയില്ല. ത്രിശൂലം വിതരണം ചെയ്യുന്നതിലൊതുങ്ങുന്നു പ്രവീൺ തൊഗാഡിയയുടെയും മറ്റും ആദിവാസി പ്രേമം.

ഒരു ക്രിമിനൽ പുള്ളിയെപ്പോലെയാണ് ലക്ഷ്മണാനന്ദ കൊലചെയ്യപ്പെട്ടത്. അതെങ്ങനെ സംഭവിച്ചുവെന്നതിന് ഉത്തരം ലക്ഷ്മണാനന്ദയുടെ ജീവിതത്തിലും പ്രവൃത്തിയിലും കാണാം. 1924-ൽ ഒറീസയിലെ തൽച്ചറിൽ ജനിച്ച ലക്ഷ്മണാനന്ദക്ക് ഭാര്യയും രണ്ടു മക്കളുമുണ്ട്. പക്ഷേ, പെട്ടെന്നൊരു ദിവസം കുടുംബത്തെ ഉപേക്ഷിച്ച് അദ്ദേഹം ഹിമാലയം കയറി. '60ൽ ലക്ഷ്മണാനന്ദ സ്വാമിയായി മടങ്ങിയെത്തി. തുടർന്നങ്ങോട്ട് സംഘ്പരിവാർ ആശയങ്ങളുടെ പ്രചാരകനായി. ആദിവാസികൾക്കിടയിൽ പ്രവർത്തിക്കുന്നതിന് കാണ്ഡമൽ ജില്ലയിലെ ചകപാഡ ഗ്രാമം തെരഞ്ഞെടുത്തു. ഒറീസയിൽ സംഘ്പരിവാറിന്റെ വളർച്ചയിൽ നെടുംതൂണായി പ്രവർത്തിച്ച ചരിത്രമാണ് പിന്നീട് സ്വാമിയുടേത്.

ലക്ഷ്മണാനന്ദ പ്രവർത്തന കേന്ദ്രമാക്കിയ, ഇപ്പോൾ അക്രമം അഴിഞ്ഞാടിയ കാണ്ഡമൽ ജില്ലയിൽ മുക്കാൽപങ്ക് ജനങ്ങളും നിരക്ഷരരും ദാരിദ്ര്യരേഖക്ക് താഴെയുള്ളവരുമായ ആദിവാസികളാണ്. ഒറീസയിൽ രണ്ടുശതമാനമാണ് ക്രൈസ്തവർ. എന്നാൽ മിഷനറി പ്രവർത്തനം വഴി കാണ്ഡമലിൽ ക്രൈസ്തവ ജനസംഖ്യ കൂടിവന്നു. അതിനെതിരായ പ്രവർത്തനങ്ങൾക്ക് വേണ്ടി സമയമത്രയും നീക്കിവെച്ചു ലക്ഷ്മണാനന്ദ. മതംമാറിയവരെ ബലാൽക്കാരമായി ഹിന്ദുമതത്തിലേക്ക് തിരിച്ചുകൊണ്ടുവരാൻ അദ്ദേഹവും സംഘവും നടത്തിപ്പോന്ന നീക്കങ്ങൾ പലപ്പോഴും അക്രമസ്വഭാവത്തിലുള്ളതായിരുന്നു. ഒറീസയിൽ സംഘ്പരിവാർ ക്രൈസ്തവർക്ക് നേരെ പലവട്ടം ആക്രമണങ്ങൾ അഴിച്ചുവിട്ടതിൽ ലക്ഷ്മണാനന്ദയുടെ പ്രേരണ വളരെയുണ്ട്. ആസ്ത്രേലിയൻ മിഷനറി ഗ്രഹാം സ്റ്റെയിൻസും രണ്ടു മക്കളും ചുട്ടെരിക്കപ്പെട്ടത് ഒമ്പതു കൊല്ലം മുമ്പാണ്. ഒമ്പതുമാസം മുമ്പും ഒറീസയിൽ ക്രൈസ്തവർക്ക് നേരെ ആക്രമണം നടന്നു. ചുരുങ്ങിയത് നാലുപേരെങ്കിലും അന്ന് കൊല്ലപ്പെടുകയും ചർച്ചുകളും ക്രൈസ്തവ വീടുകളും വ്യാപകമായി ആക്രമിക്കപ്പെടുകയും ചെയ്തു.

ഇത്തരം സംഭവങ്ങൾ ലക്ഷ്മണാനന്ദയുടെ വധത്തിൽ ഘടകങ്ങളാവാമെങ്കിലും, കൊന്നത് ക്രൈസ്തവരാണെന്ന് ഹിന്ദു ആദിവാസികൾക്കിടയിൽ തീയാളുമ്പോലെ പ്രചരിപ്പിക്കാൻ സംഘ്പരിവാറിന് കഴിഞ്ഞു. തങ്ങളാണ് കൊന്നതെന്ന മാവോയിസ്റ്റുകളുടെ വെളിപ്പെടുത്തൽ അവർക്ക് വിഷയമായില്ല. യഥാർഥത്തിൽ മാവോയിസ്റ്റുകളും തങ്ങളുടെ ചിന്താധാരയിലേക്ക് ആദിവാസികളെ ആകർഷിക്കാൻ പണിയെടുക്കുന്ന പ്രദേശമാണ് കാണ്ഡമൽ. ക്രൈസ്തവർ കൂടി എതിർക്കുന്ന ലക്ഷ്മണാനന്ദയെ ഉന്മൂലനം ചെയ്തത് മാവോയിസ്റ്റുകളാണെന്ന് ഉറപ്പിക്കാൻ പോന്നതാണ് സാഹചര്യ തെളിവുകൾ. ലക്ഷ്മണാനന്ദയെ വകവരുത്തുക വഴി ക്രൈസ്തവ ആദിവാസികൾക്കിടയിൽ കൂടി സ്വാധീനം നേടുകയെന്ന ദ്വിമുഖ തന്ത്രമായിരിക്കണം അവർ നടപ്പാക്കിയത്. ലക്ഷ്മണാനന്ദയുടെ കൊലപാതകത്തിന് പിന്നിൽ മാവോയിസ്റ്റുകളാണെന്ന് മുഖ്യമന്ത്രി നവീൻ പട്നായിക് ആദ്യദിവസങ്ങളിൽ തന്നെ പറയുകയും ചെയ്തിരുന്നു. അവരോട് ഏറ്റുമുട്ടിയിട്ട് സംഘ്പരിവാറിന് കാര്യമൊന്നുമില്ലല്ലോ. അടിച്ചൊതുക്കാൻ തീരുമാനിച്ചവരെ ഒതുക്കി.

ന്യൂനപക്ഷങ്ങളുടെ സുരക്ഷ ഉറപ്പാക്കാൻ ഭരണഘടനാപരമായി ബാധ്യതപ്പെട്ട സംസ്ഥാന സർക്കാർ സംഘ്പരിവാറിന് അനുകൂലമായി നിൽക്കുകയാണ് ചെയ്തത്. സംസ്ഥാനം ഭരിക്കുന്നത് ബിജു ജനതാദൾ. അവരെ പിന്താങ്ങുന്നതും കേന്ദ്രത്തിലെ എൻ.ഡി.എ സഖ്യത്തെ നയിക്കുന്നതും ബി.ജെ.പി. അതിനിടയിൽ മുഖ്യമന്ത്രി നവീൻ പട്നായിക് അക്രമങ്ങൾ കണ്ടു നിന്നു. അനിഷ്ട സംഭവങ്ങൾ ഒഴിവാക്കുന്നതിന് വിലാപയാത്രയും മറ്റും വിലക്കുക പതിവാണെന്നിരിക്കേ, വർഗീയ-പ്രശ്നബാധിത പ്രദേശങ്ങളിലൂടെ 130 കിലോമീറ്ററാണ് മൃതദേഹങ്ങൾ വഹിച്ച് വിലാപയാത്ര നടത്താൻ സായുധരായ സംഘ്പരിവാറുകാർക്ക് പോലീസ് അനുമതി നൽകിയത്. അക്രമം കത്തിപ്പടരുന്നതിനിടയിൽ, ലക്ഷ്മണാനന്ദയുടെ സംസ്കാര ചടങ്ങിൽ പങ്കെടുക്കാനും അസ്വസ്ഥ പ്രദേശങ്ങളിൽ ചുറ്റിയടിച്ച് വർഗീയ വിഷം ചീറ്റാനും വി.എച്ച്.പി നേതാവ് പ്രവീൺ തൊഗാഡിയയെ മുഖ്യമന്ത്രി അനുവദിച്ചു. അതേസമയം, സ്ഥിതി നേരിട്ടറിയാൻ ചെന്ന വിവിധ രാഷ്ട്രീയ പാർട്ടി നേതാക്കളെ എങ്ങോട്ടും വിട്ടില്ല. കേന്ദ്രത്തിൽ നിന്നു ചെന്ന ആഭ്യന്തര സഹമന്ത്രി ശ്രീപ്രകാശ് ജയ്സ്വാൾ പോലും എങ്ങോട്ടും പോകാൻ കഴിയാതെ മടങ്ങി. പല സംസ്ഥാനങ്ങളിലും കാലുകുത്താൻ പോലും അനുമതി നിഷേധിക്കപ്പെട്ട കുപ്രസിദ്ധനാണ് പ്രവീൺ തൊഗാഡിയ. അയാൾക്ക് തികച്ചും സംഘർഷാവസ്ഥ നിലനിൽക്കുന്ന പ്രദേശങ്ങളിൽ വിലാപയാത്ര നയിക്കാൻ എങ്ങനെ അനുമതി ലഭിച്ചു? ഭരണസംവിധാനവും നിയമ

വാഴ്ചയും ദുർബലപ്പെടുന്നതാണ് ഒറീസയിൽ കണ്ടത്.

ക്രമസമാധാനം സംസ്ഥാന സർക്കാറുകളുടെ ചുമതലയാണ്. അതിൽ കൈകടത്താൻ കേന്ദ്രത്തിന് അവകാശമില്ല. എന്നാൽ ന്യൂനപക്ഷങ്ങളെ വേട്ടയാടുന്നതു പോലുള്ള പ്രശ്നങ്ങളിൽ കർക്കശ നടപടി സ്വീകരിക്കുന്നതിന് ശാസനാ സ്വഭാവത്തിലുള്ള വ്യക്തമായ നിർദേശം നൽകാൻ കേന്ദ്രത്തിന് അധികാരമുണ്ട്. ഭരണഘടനയുടെ 355-ാം വകുപ്പ് അനുശാസിക്കുന്നത് അതാണ്. എന്നാൽ അത്തരത്തിൽ ഇടപെടാൻ തക്ക ആർജവം കേന്ദ്രത്തിലെ യു.പി.എ സർക്കാർ കാണിച്ചില്ല. ഹിന്ദു വോട്ടുകൾ നഷ്ടപ്പെടാതിരിക്കാൻ മൃദു ഹിന്ദുത്വ നയമാണ് ഇവിടെയും കോൺഗ്രസ് സ്വീകരിച്ചത്. ഇതിനിടയിൽ ക്രൈസ്തവ സമൂഹം എല്ലാം വേദനയോടെ ഏറ്റുവാങ്ങുകയായിരുന്നു. ഏതായാലും അതിക്രമത്തിന് ഇരയായവരോട് സഹാനുഭൂതി കാണിക്കാൻ വൈകിയെങ്കിലും കേന്ദ്രം തയാറായി. പക്ഷേ, അക്രമം നടത്തിയവർക്കെതിരെ എന്തു നടപടി? അക്രമികൾ സ്വൈര്യവിഹാരം നടത്തുകയും, അതിന്റെ ഇരകൾ നിശ്ശബ്ദം തേങ്ങുകയും ചെയ്യുന്നത് ഒരു നാടിന്റെ അധഃപതനത്തെയാണ് കാണിക്കുന്നത്.

അക്രമത്തെക്കുറിച്ച് സി.ബി.ഐയെക്കൊണ്ട് അന്വേഷിപ്പിക്കാൻ കേന്ദ്രം തയാറാണ്. എന്നാൽ ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിച്ച് രക്ഷപെടുകയാണ് മുഖ്യമന്ത്രി നവീൻ പട്നായിക്. സി.ബി.ഐ അന്വേഷണത്തോട് വിയോജിക്കുന്ന മുഖ്യമന്ത്രിയുടെ നിലപാടിൽ, അദ്ദേഹത്തിന്റെ പക്ഷപാതിത്വം തെളിഞ്ഞുകിടപ്പുണ്ട്. ഈ പശ്ചാത്തലത്തിലാണ് നീതിതേടി ആർച്ച് ബിഷപ്പിന് തന്നെ സുപ്രീംകോടതിയെ സമീപിക്കേണ്ടി വന്നത്. ഹൈക്കോടതിയിൽ പോയാൽ മതിയെന്നായിരുന്നു ഹരജി പരിഗണിച്ച ചീഫ് ജസ്റ്റിസ് കെ.ജി ബാലകൃഷ്ണന്റെയും മറ്റും ആദ്യനിലപാട്. എന്നാൽ സംഘ്പരിവാർ തലയെടുക്കുമെന്നാണ് ഭീഷണിപ്പെടുത്തിയിട്ടുള്ളതെന്ന് അദ്ദേഹത്തിന്റെ അഭിഭാഷകൻ കോടതിയെ അറിയിച്ചു. അതേതുടർന്നാണ് സുപ്രീംകോടതി തന്നെ കേസ് കേൾക്കാൻ തീരുമാനിച്ചത്.

മതനിരപേക്ഷ ഇന്ത്യയുടെ ഇന്നത്തെ സ്ഥിതിയാണ് ഒറീസയിൽ തെളിഞ്ഞു കണ്ടത്. ന്യൂനപക്ഷ സംരക്ഷണം ഉറപ്പാക്കാൻ ഭരണകൂടത്തിന് കഴിയുന്നില്ല. സംഘ്പരിവാർ സ്വന്തം അജണ്ട നടപ്പാക്കാൻ ഏതുവഴിയും സ്വീകരിക്കുന്നു. അതിന് മൂക്കുകയറിടാൻ സർക്കാറുകൾ മടിക്കുമ്പോൾ, ന്യൂനപക്ഷങ്ങൾക്ക് സുരക്ഷിതത്വം നൽകാൻ എങ്ങനെ കഴിയും? ജനിച്ച മണ്ണിൽ ഒരുപറ്റം അക്രമികളുടെ കാരുണ്യത്തിൽ കഴിയേണ്ടവരാണോ ന്യൂനപക്ഷങ്ങൾ? ദേശക്കൂറ് ദിനവും ബോധ്യപ്പെടുത്തേണ്ട ഗതികേടിൽ കൂടിയാണിന്ന് ന്യൂനപക്ഷ ജനത. അവിടെ ഇളകിയിരിക്കുന്നത് ജനാധിപത്യ-മതനിരപേക്ഷ ഇന്ത്യയുടെ അടിത്തറയാണ്. ■